KOCHUVELI ASSOCIATION

# KOCHUVELI MSME ASSOCIATION




# ANNUAL REPORT
# 2023-24

**വാർഷിക പൊതുയോഗവും കുടുംബ കൂട്ടായ്മയും**

26.4.2025 ശനി 4.00 PM



തിരുവനന്തപുരത്തെ ആദ്യ ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോജക്റ്റ്, പപ്പടം നിർമാണത്തിന്, കൊച്ചുവേളി ഉദ്ഘാടന വേളയിൽ



പ്രളയം വിഴുങ്ങിയ വേളിയിൽ എത്തിയ മന്ത്രിയും ജില്ല കളക്ടറും കൗൺസിലറും, TTP MD യും ചർച്ചയിൽ



Director of Industries Mr K. Gopalakrishnan IAS being received by the Secretary Mr T.S. Sivachandran.




President Mr Peter I.A adorning PONNADA to the Director of Industries Mr K. Gopalakrishnan IAS.



The newly built Security Shed No. 1 is declared open by the Director of Industries




Director of Industries Mr K. Gopalakrishnan IAS adorning PONNADA to Mr Shahabudeen , CEO KORTAS Industries for their outstanding contribution to the Chandrayan Mission of VSSC.




Mr G. Rajeev , Additional Director of Industries felicitating on the occassion



Sri V. Ashok Kumar SHO , Valiyathura declared open the Security Shed No3.

# വിട പറയുമ്പോൾ



പ്രിയ കൊച്ചുവേളി സുഹൃത്തുക്കളേ,

ആരംഭ കാലത്ത് ആർക്കും വേണ്ടാതിരുന്ന കൊച്ചുവേളിയെ ഇന്ന് കേരളത്തിലെ പ്രിയപ്പെട്ട വ്യവസായ എസ്റ്റേറ്റ് ആക്കി മാറ്റുവാൻ നമ്മുടെ കൂട്ടായ്മക്ക് കഴിഞ്ഞു,

ഇക്കഴിഞ്ഞ കുറെ വർഷങ്ങൾ നമ്മെ സംബന്ധിച്ച് പ്രതിസന്ധികളുടെ കാലം. അറവു മാലിന്യങ്ങൾ ഇരുട്ടിന്റെ മറവിൽ എസ്റ്റേറ്റിൽ തള്ളുന്ന മാഫിയ സംഘങ്ങൾ ഒരുവശത്ത്, അവരെ തടയാനായി നിർമ്മിച്ച സെക്യൂരിറ്റി ഷെഡ് ഇടിച്ചു തകർക്കപ്പെട്ടത് മറുവശത്ത്. ലോക്ക് ഡൗൺ കാലത്തെ നിയന്ത്രണങ്ങൾ പാലിച്ചു കൊണ്ട്, പല സ്ഥാപനങ്ങളും അതിജീവിച്ചതും, പ്രളയം വിഴുങ്ങിയപ്പോൾ പെട്ടെന്നുള്ള രക്ഷാ പ്രവർത്തനം വഴി പിടിച്ചു നിന്നതും, മാലിന്യ ചാക്കുകൾ സൂക്ഷിക്കുവാൻ, നഗരസഭ തന്നെ എസ്റ്റേറ്റ് മുറ്റം തെരഞ്ഞെടുത്തെപ്പോൾ നാം പ്രതികരിച്ചതും, പ്രശ്നത്തിൽ ഉടനടി പരിഹാരം ഉണ്ടായതും പോലെ പല പല പ്രതിസന്ധികളും തരണം ചെയ്ത കാലഘട്ടം. നാല് വർഷമായി നീണ്ടു പോയ റോഡ് പണി പൂർത്തിയാക്കാനും കഴിഞ്ഞു.

കേരള ദുരന്ത നിവാരണ അതോറിറ്റി വക നിർദിഷ്ട ഓട നിർമ്മാണവും, കേന്ദ്ര സംസ്ഥാന പദ്ധതി ആയ 10 കോടി രൂപയുടെ 'വേളി അടിസ്ഥാന സൗകര്യ വികസന മാസ്റ്റർ പ്ലാനും' ആണ് ഇനി യുള്ള പ്രതീക്ഷ. സർക്കാർ കാര്യം മുറപോലെ എന്ന രീതിയിൽ നീണ്ടു പോകുന്നു.

കൂടാതെ, വൃത്തിയും വെടിപ്പും വെളിച്ചവുമുള്ള വ്യവസായ യൂണിറ്റുകൾ, മുടങ്ങി കിടക്കുന്ന സ്ഥലത്ത് പുതിയ ഫാക്ടറികൾ, റോഡരുകിൽ നടപാതകളും തണൽ മരങ്ങളും, മലിനീകരണം ഇല്ലാതെ കാർബൺ ന്യൂട്രൽ പ്രദേശവും ആയി മാറുന്ന ഒരു മാതൃകാ എസ്റ്റേറ്റിലേക്കുള്ള പ്രയാണം. ആ ലക്ഷ്യം നേടാൻ ഇച്ഛാശക്തിയുള്ള നമ്മുടെ കൂട്ടായ്മക്ക് കഴിയും, എല്ലാവരും ഒന്നിച്ചുണ്ടെങ്കിൽ. 'വ്യവസായം വളരണം, ഒപ്പം കേരളവും' എന്ന ആപ്ത വാക്യവുമായി ഇനിയും നടക്കാം മുന്നോട്ട്.

തുടർച്ചയായ എട്ട് വർഷം, പ്രഗൽഭരായ ജില്ലാ വ്യവസായ ജനറൽ മാനേജർമാർ, പ്രത്യേകിച്ച് Sri. G Rajeev സർ, മിടുക്കരായ എസ്റ്റേറ്റ് ഓഫീസർമാർ, പ്രത്യേകിച്ച് Sri. Praveen Raj എന്നിവരുടെ പിന്തുണ വിസ്മരിക്കാനാവില്ല. ഈ കാലയളവിൽ ചുമതല എടുത്ത നാല് ഡയറക്ടർമാർ, Mr K.N Satheesh IAS, Mr K Baju IAS, Mr S. Harikishore IAS & Mr K.Gopalakrishnan IAS, അവരുടെ ആദ്യ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സന്ദർശനം കൊച്ചുവേളിയിൽ ആയിരുന്നു എന്നതും ശ്രദ്ധേയമാണ്

സമർത്ഥരായ മൂന്ന് സെക്രട്ടറിമാരോടൊപ്പം (ശ്രീ. മോഹൻദാസ്, ശ്രീ. എബ്രഹാം ജേക്കബ്, ശ്രീ. ശിവചന്ദ്രൻ) പ്രവർത്തിക്കാൻ കഴിഞ്ഞ എനിക്ക് ഭരണസമിതി അംഗങ്ങൾ എല്ലാം നൽകിയ നിർലോഭമായ സഹകരണത്തിന്, നിർവ്യാജ്യമായി ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറഞ്ഞു കൊള്ളുന്നു. ഏപ്രിൽ 26ന് സ്ഥാനമേൽക്കുന്ന പുതിയ പ്രസിഡന്റിനും ടീ മിനും എല്ലാവരുടെയും സഹകരണം തുടർന്നും ഉണ്ടാകണം എന്ന് അഭ്യർഥിച്ചു കൊണ്ട്,

നിങ്ങളുടെ സ്വന്തം

**പീറ്റർ ഐ.എ**

പ്രസിഡന്റ്

## "MEMBERS ACTIVELY PARTICIPATING ON DELIBERATIONS"



Mr. Shahabudeen



Mr. P. Ganesh



Mr. Sivachandran



Mr Sajith



Mr Sajeesh



Mr Ramakrishnan



Mr Madhusoodhanan



Ponnada to Mr Pradeep




Welcome to GM DIC Mr VR Rakesh.




SHO Mr Ashok Kumar address gathering



Medical Camp Rajeswari Amma participates

# KMSME BLOOD DONATION CAMP

INAUGURATED BY **PRINCE ADITHYA VARMA** APRIL 30



# KOCHUVELI MSME ASSOCIATION
## 17/12/22 ന് നിലവിൽ വന്ന  ഭരണസമിതിയുടെ പ്രവർത്തന റിപ്പോർട്ട് (2023-25)

സംഭവ ബഹുലമായ ഒരു ടേം സമാപിക്കുന്നു. പ്രളയ കെടുതി പോലുള്ള പ്രകൃതി ദുരന്തവും മാലിന്യ തള്ളൽ പോലുള്ള മനുഷ്യ വിന്യാസവും  അതിജീവിക്കേണ്ടി വന്ന ടേം.

17.12.2022 ന് ശ്രി പീറ്റർ ഐ.എ യുടെ അധ്യക്ഷതയിൽ രൂപം കൊണ്ട ഭരണസമിതിയിൽ 18 തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും 12 ക്ഷണിതാക്കളായി നോമിനേറ്റ് ചെയ്യപ്പെട്ട അംഗങ്ങളും ഉണ്ട്. പ്രധാനപ്പെട്ട പ്രവർത്തനം മാത്രം ഇവിടെ കുറിക്കുന്നു.

1. വ്യവസായ എസ്റ്റേറ്റിലെ Property tax മായി ബന്ധപ്പെട്ട് ഹൈകോർട്ട് ഡിവിഷൻ ബഞ്ചിന്റെ വിധിക്കെതിരെ റിവിഷൻ പെറ്റിഷൻ കൊടുത്ത സംഘടനകൾക്ക് പിന്തുണ നല്കുകയുണ്ടായി.
2. നല്ലവരായ പല അംഗങ്ങളുടെയും സഹായസഹകരണത്താൽ ജെ.സി.ബി ഉപയോഗിച്ച് പരിസരങ്ങൾ വൃത്തിയാക്കി.
3. സെക്യൂരിറ്റിക്യാബിൻ പണിയുമായി ബന്ധപ്പെട്ട് തിരു: കോർപ്പറേഷൻ, ഭാരവാഹികൾക്ക് നോട്ടീസ് അയച്ചു ഭീഷണിപ്പെടുത്തിയതിനെ തക്കതായ രീതിയിൽ പ്രതിരോധിച്ചു.
4. അംഗത്വമുള്ള എല്ലാ യൂണിറ്റുകൾക്ക് മുമ്പിലും നമ്പർ ബോർഡ്‌വയ്ക്കുകയും അംഗത്വ റെജിസ്റ്റർ പരിഷ്കരിക്കുകയും ചെയ്തു. സമയാ സമയങ്ങളിൽ കാട് വെട്ടുന്നതിന് ഗ്രാസ് കട്ടർ വാങ്ങുകയും ചെയ്തു.
5. പട്ടയം ഇല്ലാത്ത യൂണിറ്റുകൾക്ക് പട്ടയത്തിനു അപേക്ഷ കൊടുക്കാൻ എല്ലാവരോടും അഭ്യർത്ഥിക്കുകയും അവർക്ക് വേണ്ട സഹായം നല്കുകയും ചെയ്തു.
6. പുതിയ സെക്യൂരിറ്റി ക്യാബിൻ പണിയുന്നതിനായി മന്ത്രിയുൾപ്പെടെയുള്ള അധികാരികൾ മുഖേന ശ്രമിച്ചു ഫണ്ട് അനുവദിപ്പിക്കുകയും  ചെയ്തു.
7. ചില സംഘട നകളുടെയും പ്രദേശവാസികളുടെയും ഭീഷണിപ്പെടുത്തിയുള്ള സംഭാവന പിരിവിന് എതിരെ പോലീസ് സ്റ്റേഷനിൽ പരാതിപ്പെടുകയും, സംഭാവനകൾ നല്കേണ്ടതില്ല തീരുമാനം എടുക്കുകയും ചെയ്തു.
8. 2023 Sept 7നു,  വാർഷികവും ഓണപരിപാടിയും സംഘടിപ്പിച്ചു. ബഹുമന്ത്രി ശ്രീ. ആന്റണി രാജു വ്യവസായ ഡയറക്ടർ ശ്രീ. ഹരി കിഷോർ IAS, ഫുഡ് സേഫ്റ്റി കമ്മിഷണർ ശ്രീ. വിനോദ് IAS, വാർഡ് കൗൺസിലർ ശ്രീ. ക്ലൈനസ് റോസാരിയ, വ്യവസായ അഡിഷണൽ ഡയറക്ടർ ശ്രീ ജി.രാജീവ് തുടങ്ങിയ പ്രമുഖർ പങ്കെടുക്കുകയും, യോഗത്തിൽ നമ്മുടെ അംഗമായ ശ്രീ ഭുവന ചന്ദ്രൻ അവർകളുടെ മകൾ Dr ശ്രദ്ധ ഭുവന ചന്ദ്രന്റെ ഗാനമേളയും, വിഭവസമൃദ്ധമായ ഡിന്നറും ഉണ്ടായിരുന്നു.
9. വർഷങ്ങളായി പ്രവർത്തനരഹിതമായ Trencos കമ്പനിയുടെ പരിസരം കോർപ്പറേഷനും, നാട്ടുകാരും ഉൾപ്പെടെയുള്ളവർ മാലിന്യം നിക്ഷേപിയ്ക്കുന്ന ഏര്യയായി മാറി. അസോസ്സിയേഷൻ JCB ഉപയോഗിച്ച് ഒരുപരിധിവരെ അത് വൃത്തിയാക്കി എങ്കിലും നാട്ടുകാരുടെ മാലിന്യ നിക്ഷേപം തുടർന്നുകൊണ്ടിരുന്നു. ഇത് നിയന്ത്രിയ്ക്കാനായി നമ്മുടെ അംഗം ശ്രീ സുജിത്ത് (C U POWER TECHNOLOGY) സോളാർ ക്യാമറ സൗജന്യമായി ഘടിപ്പിയ്ക്കുകയുണ്ടായി.
10. **പ്രളയ കെടുതി**

    2023 ഒക്ടോബർ 15-ാം തീയതി നഗരം ഉണർന്നപ്പോൾ കണ്ടത് എസ്റ്റേറ്റിലെ സ്ഥാപനങ്ങളും പരിസരവും വെള്ളത്തിൽ മുങ്ങിപോയ ഭയാനകമായ കാഴ്ച. ഭീമമായ നാശനഷ്ടങ്ങൾ പലർക്കും ഉണ്ടായി. അസോസിയേഷൻ രക്ഷാ ദൗത്യവുമായി ഉടനെ മുന്നോട്ടിറങ്ങി. കൗൺസിലറുടെ സഹായത്താൽ ടൈറ്റാനിയം ഫാക്ടറിയിൽ നിന്ന് പമ്പ് ഏർപ്പാടു ചെയ്തു. പുറത്ത് നിന്നും പമ്പുകൾ വാടകക്കും എടുത്തു. നാല് അടിയിൽ അധികം പൊക്കത്തിൽ കയറിയ വെള്ളം കഴിയു

ന്നതും നേരത്തെ Trencos ഏരിയിലേയ്ക്ക് പമ്പ് ചെയ്ത്കളഞ്ഞു. നാശനഷ്ടകണക്കുകൾ വ്യവസായ കേന്ദ്രം മുഖേന ജില്ലാകളക്ടർക്കും. മറ്റ് അധികാരികളെയും അറിയിക്കുകയുണ്ടായി. പ്രളയകെടുതിയുടെ വ്യാപ്തി മനസിലാക്കുന്നതിനുവേണ്ടി, WE GROW FORESTS എന്ന സംഘടന തയ്യാറാക്കിയ വീഡിയോ പ്രസൻറേഷൻ എല്ലാ IAS ഉദ്യോഗസ്ഥർക്കും, വകുപ്പ് അധ്യക്ഷൻമാർക്കും, മുൻ പ്രസിഡന്റ് ശ്രീ. പി.ഗണേഷ് അയച്ച് കൊടുത്തത് മാധ്യമ ശ്രദ്ധ നേടി. ഇത്തരം സാഹചര്യം ഉണ്ടായാൽ ജലസംഭരണി വഴി ഓട്ടോമാറ്റിക് ആയി മഴ വെള്ളം പമ്പ് ചെയ്ത് കളയാൻ സംവിധാനം ഒരുക്കി.

പിന്നീട് കടലിലേക്ക് ഒഴുക്കി വിടാൻ ടൈറ്റാനിയം എം.ഡി യുടെയും കൗൺസിലറുടെയും സമ്മതം വാങ്ങി, ജോലികൾ തുടങ്ങി. എന്നാൽ, യൂണിയൻ നേതാക്കളുടെയും, നാട്ടുകാരുടെയും എതിർപ്പ് കാരണം പാതി വഴിയിൽ പണി നിറുത്തേണ്ടി വന്നു. ഇക്കാര്യത്തിൽ നമ്മുടെ അംഗങ്ങളിൽ സഹായം നല്കിയവരോട് പ്രത്യേകിച്ച്, AG & P, Filatex VCT Ltd, Coastal Star, Sanko Jointings, Madhuram Foods, Metallix, Peenya Industrial Gases, Qualimed Systems, Coastal India Mafrg, Innova Industry തുടങ്ങിയ അംഗങ്ങൾ ഉദാരമായി സംഭാവന നല്കി. അവരോട് അസ്സോസിയേഷൻ ന്റെ നന്ദി എടുത്തുപറയുന്നു. Good Will polymers ഉടമ ശ്രീ അവിരാച്ചൻ special discount നിരക്കിൽ PVC pipe സപ്ലൈ ചെയ്തു സഹായിച്ചു.

കൂടാതെ നമ്മുടെ അഭ്യർത്ഥന പ്രകാരം ദുരന്തം നേരിട്ട് വിലയിരുത്തുന്നതിന് സ്ഥലം എം.എൽ.എയും ബഹു: ഗതാഗത മന്ത്രിയുമായ ശ്രീ. ആന്റണി രാജുവിന്റെ നേതൃത്ത്വത്തിൽ ജില്ലാ കളക്ടറും, ഡെപ്യൂട്ടികളക്ടറും, വാർഡ് കൗൺസിലറും തഹസിൽദാറും, ടൈറ്റാനിയം എം.ഡിയും, DIC GM അജിത് സാറും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും 26-10-2023 ന് സ്ഥലം സന്ദർശിച്ചിരുന്നു. അന്നേ


പ്രാദേശികം

കേരളകൗമുദി 03

മഴയിൽ കൊച്ചുവേളി വ്യവസായ മേഖലയിൽ വൻ നഷ്ടം

ഗതാഗതം നിരോധിച്ചു

ദിവസം കൂടിയ ചർച്ചയിൽ ഉടമകൾ തന്നെ സ്വന്തം നിലയ്ക്ക് വെള്ളം പമ്പുചെയ്തു കളയുവാനും ചെലവുകൾ ജില്ലാവ്യവസായ കേന്ദ്രം വഴി അപേക്ഷ നല്കി ദുരന്തനിവാരണഫണ്ടിൽ നിന്നും നല്കുവാനും ജില്ലാകളക്ടറുടെ നിർദേശം ഉണ്ടായി. ചുവപ്പ് നാടയിൽ കുരുങ്ങി, ഫണ്ട് റിലീസ് ആക്കുന്നത് വൈകുന്നു.

ഇതിന് വേണ്ടി ശ്രീ. ബ്രഹ്മദാസ് അവർകളുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരെ നിരന്തരം ബന്ധപ്പെട്ട്കൊണ്ടിരിയ്ക്കുന്നു. വേളിമേഖലയിലും പരിസരപ്രദേശത്തുമുണ്ടാകുന്ന വെള്ളപ്പൊക്ക ദുരന്തത്തിന് ശാശ്വതപരിഹാരത്തിനായി ഒരു സമഗ്രമാസ്റ്റർ പ്ലാൻ തയ്യാറാക്കുവാനും ടി യോഗത്തിൽ എടുത്ത തീരുമാനം പിന്നീട് അംഗീകരിക്കപ്പെട്ടു.

## 11. സെക്യൂരിറ്റി കിയോസ്ക്

2021 ൽ സെക്യൂരിറ്റി കിയോസ്ക് പണി തുടങ്ങി വച്ചത് നാട്ടുകാരുടെ എതിർപ്പ് മൂലം നിറുത്തി എങ്കിലും പുതിയ കമ്മറ്റിയുടെ ശ്രമ ഫലമായി സർക്കാർ ഫണ്ട് അനുവദിച്ചു. അതു പ്രകാരം കിയോസ്ക്കുകളുടെ പണി ആരംഭിച്ചപ്പോൾ നാട്ടുകാരുടെ എതിർപ്പു വീണ്ടും ഉണ്ടായെങ്കിലും, ബഹുമാനപ്പെട്ട വലിയതുറ SHO ശ്രീ അശോക് കുമാറിന്റെയും DIC GM ശ്രീ ഷീറാസിന്റേയും അവസരോചിതമായ ഇടപെടൽകൊണ്ട്, ഇതിനെതിരെ പ്രവർത്തിയ്ക്കുന്ന ചില തല്പരകക്ഷി

കളെ ഒഴിവാക്കി, പണി പൂർത്തീകരിയ്ക്കുകയും ചെയ്തു. മൂന്ന് കിയോസ്കളുടേയും ഉത്ഘാടനം Sri.K ഗോപാലകൃഷ്ണൻ IAS (ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ്) ശ്രീ. സതീഷ് MD TTP, വലിയതുറ SHO ശ്രീ. അശോക് കുമാർ എന്നിവർ നടത്തുകയുണ്ടായി.

SHO യുടെ ആവശ്യപ്രകാരം അംഗങ്ങളുടെ സഹായം കൊണ്ട്, പോലീസ് സ്റ്റേഷനിൽ വാഹന പാർക്കിംഗ് ഷെഡ് പണിതു നൽകി.

സെക്യൂരിറ്റികളെ സ്ഥിരമായി നിയമിയ്ക്കുന്നതിന് അസ്സോസിയേഷന് സാമ്പത്തിക പരിമിതികൾ ഉള്ളത് കൊണ്ട് മറ്റൊരു സംവിധാനം നടപ്പിലാക്കുന്നത് വരെ GLASS & GLAZINGS, KORTAS INDUSTRIES, AKSHARA OFFSET എന്നിവരുമായി താല്ക്കാലിക സംവിധാനങ്ങളുണ്ടായിട്ടുണ്ട്. കിയോസ്കിനായി KSEB ൽ പെർമനന്റ കണക്ഷന് അപേക്ഷ നല്കിയിട്ടുണ്ട്. ഇത് കിട്ടുന്നത് വരെ താൽക്കാലിക കണക്ഷനായി KOPAB BOOKS, KORTAS, MOUNT (INSIDE DESIGNS) എന്നിവരുടെ യൂണിറ്റിൽ നിന്നും എർപ്പാട് ചെയ്തു. അസോസിയേഷൻ അവർക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തികൊള്ളുന്നു. ഈ കിയോസ്കുകൾക്ക് സി.സി.ടി.വി സഭാവനായി സ്ഥാപി യ്ക്ക്ക്കാമെന്ന്. സുജിത്ത് (CU POWER) സമ്മതിച്ചിട്ടുള്ളതാകുന്നു. ഇവർക്കും നന്ദി രേഖപ്പെടു ത്തുന്നു.

12. **അഗ്നി ശമന പ്രവർത്തനം.**

2024–25 ൽ രണ്ട് സ്ഥാപനങ്ങളിൽ രാത്രിയുണ്ടായ മൂന്ന് അഗ്നി ബാധ അവരുടെ ബിസിനസ്സിനെ സാരമായി ബാധിച്ചു. ചാക്ക ഫയർ സ്റ്റേഷൻ ഓഫീസർമാരും, വലിയതുറ പോലീസ് SHO യുടെ ടീമും, ടൈറ്റാനിയം മാനേജ്മെന്റും AG & P യും പരിസര സ്ഥാപനങ്ങളും അർദ്ധരാത്രിയിൽ അഗ്നി ശമന യജ്ഞത്തിൽ ഊർജിതമായി പ്രവർത്തിച്ചു. അവർക്കെല്ലാം നന്ദി രേഖപ്പെടുത്തുന്നു.

13. TTP, AG &P എന്നിവരുടെ ഫയർ ടാങ്കിൽ നിന്ന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രധാന റോഡിൽ പല ഭാഗത്തായി Fire Hydrant system സ്ഥാപിക്കാൻ ജില്ലാ വ്യവസായ കേന്ദ്രം വഴി ശ്രമം തുടങ്ങി യിട്ടുണ്ട്. അഗ്നിശമന പ്രതിരോധ പ്രവർത്തനങ്ങളിൽ Factories Joint Director Sri Shabujan, Fire Station Officers Sri Arun Mohan, Sri Suresh Babu എന്നിവരുടെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടി നടത്തിയിരുന്നു.

14. വ്യവസായ വകുപ്പുമായും, ബാങ്കുകളുമായി കേസുകളിൽപെട്ടു അടഞ്ഞു കിടക്കുന്ന സ്ഥാപന ങ്ങളെ കേസുകൾ എത്രയും പെട്ടെന്ന് പരിഹരിച്ചു, അർഹരായവർക്ക് കൊടുക്കാനുള്ള അസോസി യേഷന്റെ പരിശ്രമം ഫലം കണ്ടു തുടങ്ങി. DIC GM Sri A.S Shiras ഇക്കാര്യത്തിൽ സത്വര നടപടി എടുക്കുകയും ചെയ്തു..

15. അനേകം വർഷങ്ങളായി മുടങ്ങി കിടന്ന Rs 99.99 ലക്ഷം എസ്റ്റിമേറ്റിലെ റോഡ് നവീകരണം പൂർത്തിയായി. അതിൽ 74 ലക്ഷം രൂപ വേണ്ടി വന്നത് ഇൻഡോ–പ്രിമോ ആഗ്രോ റോഡിന് മാത്രം.

ഒരു അടി കനത്തിൽ നല്ലവണ്ണം കോൺക്രീറ്റ് ചെയ്ത റോഡിൽ സൈഡ് ഫില്ലിംഗ് നു പ്രൊവിഷൻ ഇല്ലായിരുന്നു.

എന്നാലും അസോസിയന്റെ ഇടപെടൽ കൊണ്ട്, ആവശ്യത്തിന് മണ്ണു ടൈറ്റാനിയം MD മുഖേന ഏർപ്പാട് ആക്കി, സൈഡ് ഫില്ലിംഗ് കോൺട്രാക്ടറെ കൊണ്ട് ചെയ്യിക്കാൻ കഴിഞ്ഞു. സ്ഥാനം ഒഴിഞ്ഞു പോകുന്ന ദിവസം ഇത് അനുവദിച്ച TTP MD Sateesh സാറിനും അതിനു സഹായിച്ച TTP DGM Sri Vinod, Manager Sri Sarath, Sri Anil എന്നിവർക്കും അസോസിയേഷന്റെ പ്രത്യേകം നന്ദി.

16. സ്ഥാപനങ്ങളിൽ വെച്ചുള്ള മെഡിക്കൽ പരിശോധന സമയാസമയങ്ങളിൽ ആരോഗ്യവകുപ്പു മുഖേന നടത്തി. കൊച്ചുവേളി യു.ഐറ്റി.യുടെ സഹായത്താൽ ഇൻഡസ്ട്രിയൽ ഏര്യാമാപ്പ്, WE GROW FORESTS, G Fab എന്നിവരുടെ നേതൃത്വത്തിൽ തയ്യാറാക്കി.

പത്ത് കോടി രൂപയുടെ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

WE GROW FORESTS FOUNDATION എന്ന ആഗോള പ്രശസ്തിയുള്ള സന്നദ്ധ സംഘടനയുമായി സഹകരിച്ച്, Clean Veli Green Veli program യാഥാർത്ഥ്യമാക്കാൻ നടപടി തുടങ്ങിയിട്ടുണ്ട്.

കേരള കൗമുദി
SINCE 1911
Trivandrum 27 Oct 2023

## വ്യവസായ എസ്റ്റേറ്റ് മേഖലയിൽ ഡ്രെയിനേജിന് വഴി തെളിയുന്നു

തിരുവനന്തപുരം: ഒറ്റ രാത്രി പെ
യ്ത കനത്ത മഴയിൽ കയറിയ വെ
ള്ളം തുടർച്ചയായ 12-ാം ദിവസ
വും പമ്പ് ചെയ്തിട്ടും വറ്റാത്തതോ
ടെ കൊച്ചുവേളി വ്യവസായ എ
സ്റ്റേറ്റ് മേഖലയിൽ ഡ്രെയിനേജ്
വേണമെന്ന ആവശ്യത്തിന് ശ
ക്തിയേറുന്നു.

ഡ്രെയിനേജ് സജ്ജമാക്കുന്ന
തുമായിബന്ധപ്പെട്ട സാദ്ധ്യതാപ
ഠനം നടത്തി റിപ്പോർട്ട് സമർപ്പി
ക്കാൻ ജില്ലാ കളക്ടർ ജെറോമിക്
ജോർജ്ജ് ചെയർമാനും ജില്ലാ വ്യ
വസായ കേന്ദ്രം ജനറൽ മാനേജ
ർ കൺവീനറുമായുള്ള സമിതിക്ക്
രൂപം നൽകി. പ്രദേശത്തെ വെ
ള്ളക്കെട്ട് പരിഹരിക്കാൻ മന്ത്രി
ആന്റണി രാജുവിന്റെ അദ്ധ്യക്ഷ
തയിൽ ഇന്നലെ ചേർന്ന യോഗ
ത്തിലാണ് തീരുമാനമെടുത്തത്.
ആൾസെയിന്റ്സ് മുതൽ വേളി
കായൽ വരെയും, എസ്റ്റേറ്റ് മേഖ
ലയ്ക്കുള്ളിലും ഡ്രെയിനേജ് സ
ജ്ജമാക്കണമെന്ന ആവശ്യം കൊ
ച്ചുവേളി എം.എസ്.എം.ഇ അസോ
സിയേഷൻ പ്രസിഡന്റ് പീറ്ററാ
ണ് മുന്നോട്ടുവച്ചത്.

പഠനം പൂർത്തിയാക്കി രണ്ടാഴ്ച
യ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്ക
ണമെന്നും ആവശ്യമായ ഫണ്ട് ല
ഭ്യമാക്കുമെന്നും മന്ത്രി ആന്റണി രാ
ജു യോഗത്തിൽ പറഞ്ഞു. 8 കോടി
യോളം രൂപയുടെ നഷ്ടമാണ് ഇക്ക
ഴിഞ്ഞ മഴയിൽ ഈ മേഖലയിലു
ണ്ടായത്. പല ചെറുകിട വ്യവസാ
യ കേന്ദ്രങ്ങൾക്കും ഇൻഷ്വറൻസ്
പരിരക്ഷയുണ്ടായിരുന്നില്ല.

17. സഞ്ചായയോഗ്യമല്ലാതെ അപകടനിലയിലുണ്ടായിരുന്ന റ്റി.റ്റി.പി യുടെയും, നമ്മുടെ എസ്റ്റേറ്റിന്റെയും പ്രധാന റോഡ് എ.ജി &.പി യുടെയും, റ്റി.റ്റി.പി യുടെയും സഹകരണത്തോടുകൂടി അസോസിയേഷൻ പങ്കാളിത്തത്തോടെ ഇന്റർലോക്ക് ഇട്ട് സഞ്ചാരയോഗ്യമാക്കി.

18. kmsme.in എന്ന നമ്മുടെ വെബ്സൈറ്റ് domain വീണ്ടും ആക്ടീവ് ആക്കിയിട്ടുണ്ട്. അംഗങ്ങൾക്ക് അവരുടെ പ്രൊഡക്ട് വിവരങ്ങൾ നമ്മുടെ സൈറ്റിൽ അപ്ലോഡ് ചെയ്യാൻ കഴിയും. ഇതുവഴി മാർക്കറ്റ് വിപുലീകരിക്കുവാൻ അവസരം ഉണ്ട്.

19. **നഗരമാലിന്യ ശേഖരം**

നഗരത്തിലെ ഘരമാലിന്യങ്ങൾ ഹരിതകർമ്മസേന ശേഖരിയ്ക്കുന്നത് സൂക്ഷിയ്ക്കുവാനായി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ പ്രധാന റോഡ് അരികിൽ കമ്പിനിയോട് ചേർന്ന ഭാഗത്ത് ഏകദേശം എട്ട് അടി വീതിയിൽ നിർമ്മാണം ആരംഭിച്ചു. നിർദ്ദിഷ്ട വെള്ളപ്പൊക്ക നിയന്ത്രണത്തിന്റെ ഭാഗമായി ഓട കടന്ന് പോകേണ്ട വഴിയാണ് ഇത് എന്നും, കൂടാതെ റയിൽവേസ്റ്റേഷൻ, വേളി ടൂറിസ്റ്റ് വില്ലേജ്, എയർപോർട്ട്, വി.എസ്.എസ്.സി ടെറ്റാനിയം തുടങ്ങിയ കേന്ദ്രങ്ങളിലേയ്ക്കുള്ള പ്രധാന റോഡാണ് ഈ പ്രദേശമെന്നും അത്കൊണ്ട് ഉടനടി മാറ്റി സ്ഥാപിക്കണമെന്നും, ഡി.ഐ.സി.യും നമ്മുടെ അസ്സോസിയേഷനും ഇടപെടുകയും തുടർനിർമ്മാണം ഫെബ്രുവരി 25ന് നിറുത്തിവയ്ക്കുകയും ചെയ്തു. മാലിന്യശേഖരണം സമൂഹ ആവിശ്യമാണെന്നു അംഗീകരിച്ച്, ശുചിത്വമിഷന് വേണ്ടി അനുവദിച്ച സ്ഥലത്ത് ഈ മാലിന്യ ബാഗുകൾ സൂക്ഷിയ്ക്കാമെന്നും അസോസിയേഷൻ നിർദ്ദേശിച്ചിട്ടുണ്ട്. വ്യവസായമന്ത്രി ഇടപെട്ട് നമ്മുടെ ആവശ്യം അംഗീകരിച്ചു, പരിഹാരം ഉണ്ടാക്കി.

20. **നിയമാവലി ഭേദഗതി**

ഭരണ സൗകര്യത്തിനായി, ഭാരവാഹികളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്, Vice President, Joint Secretary എന്നീ സ്ഥാനങ്ങളിലേക്ക് ഓരോ അംഗങ്ങളെ കൂടുതൽ എടുക്കുവാൻ ബൈലോ ഭേദഗതി ചെയ്തു. സെക്യൂരിറ്റി കിയോസ്ക്കുകളുടെ പ്രവർത്തനം പൂർണതയിലാക്കുവാനും മറ്റു ഭരണ ചെലവുകൾ വർധിച്ചതിനാലും വാർഷിക വരി land area അനുസരിച്ച് മാറ്റുവാൻ നിയമാവലി ഭേദഗതി ചെയ്തു.

21. **കൃതജ്ഞത**

അസോസിയേഷൻ പ്രവർത്തനങ്ങളോടു സഹകരിച്ച അംഗങ്ങൾക്കും, ബഹുമാന്യ വകുപ്പുതല ഉദ്യോഗസ്ഥർക്കും, ആവശ്യപ്പെട്ട എല്ലാ കാര്യത്തിലും അനുഭാവ പൂർണമായ സഹായം നൽകിയ നമ്മുടെ പ്രിയപെട്ട അഡീഷണൽ ഡയറക്ടർ ശ്രീ G. Rajeev സാറിന് പ്രത്യേകിച്ചും ജനപ്രതിനിധികൾക്കും അസോസിയേഷന്റെ അകൈതവമായ നന്ദി.

ഭരണ സമിതിക്ക് വേണ്ടി

**T.S. Sivachandran**

Kochuveli MSME ASSOCIATION



Office Bearers on the last working day of outgoing GM Mr. Shiras



Treasurer Mr. Abraham Mathew addressing the gathering



Office Bearers meeting DIC GM incharge Mr. Sharath



Mr Thomas, MD Filatex VCT Ltd address the gathering




President welcomes Director of Industries
K. Gopalakrishnan IAS



Minister visiting products display stalls









Falicitation to KSSIA State President. Trivandrum Chamber of Commerce & Industry President Mr Raghuchandran Nair, DIC General Manager Mr Ajith were present



The representives from Kochuveli ( Peter I A, Ms Lakshmi of Peenya Ind Gases, Mr Nithin Krishna of Innova Industries ) met the Industries Minister and appraised the gravity of the flood situation in October 23



Honouring Mr Roy & Mr Sajith, ORANGE PRINT by DIC GM Mr Rakesh



New product launch (Liquid wash) from Hazeena Chem by GM Mr V R Rakesh t o Mr P. Ganesh



Asst. Collector Thiruvananthapuram Ms Sakshi Mohan IAS during visit to Kochuveli industrial Area units, GLASS & GLAZINGS, MADHURAM FOODS & ORANGE PRESS




The President Sri Peter receiving Industires Director Mr Hari Kishore IAS ( 2022)



# കൊച്ചുവേളിയിൽ വീണ്ടും അനധികൃത നിർമ്മാണം

## തടഞ്ഞ് ജില്ലാ വ്യവസായ കേന്ദ്രം

ജിജി ലൂക്കോസ്

തിരുവനന്തപുരം: കൊച്ചുവേളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ മാലിന്യം ശേഖരിച്ചുവയ്ക്കാൻ നഗരസഭ ഇന്നലെ വീണ്ടും നടത്തിയ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടഞ്ഞു. ജില്ലാ വ്യവസായ കേന്ദ്രം എസ്റ്റേറ്റ് മാനേജരും കേരള സ്റ്റേറ്റ് സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷൻ (കെ.എസ്.എസ്.ഐ.എ), കൊച്ചുവേളി എം.എസ്.എം.ഇ അസോസിയേഷനുകളുടെ ഭാരവാഹികളും ചേർന്നാണ് തടഞ്ഞത്.

അനുമതിയില്ലാതെ നടത്തുന്ന നിർമ്മാണം നിറുത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് ജില്ലാ വ്യവസായ കേന്ദ്രം നഗരസഭയ്ക്ക് കത്ത് നൽകിയിട്ടും കോൺക്രീറ്റിംഗ് അടക്കമുള്ള പ്രവർത്തനങ്ങളുമായി കരാറുകാർ മുന്നോട്ടുപോവുകയാ

കൊച്ചുവേളി വ്യവസായ മേഖലയിൽ മാലിന്യ സംഭരണത്തിനായി നഗരസഭയുടെ നേതൃത്വത്തിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനം

### പകരം സ്ഥലമുണ്ടെന്ന്

മാലിന്യം ശേഖരിച്ചുവയ്ക്കാൻ സ്ഥല ... പയോഗിക്കാനാകും



Swamy Thirukural Rama Kanaga Subburatinam, the founder of Kavanagar Karjanai visited MADHURAM FOODS, Kochuveli on 10.1.2025. President of Kochuveli MSME Association, PETER I.A welcomed the Swamy by adorning PONNADA.

# Glance through yester years programmes



Edappazhinji Radhakrishnan momento to
Dr. Shradha Bhuvanendran for the music programme



Minister Kadakampalli Surendran visiting Kochuveli Estate (File Photo)



Director of Industries K. Biju IAS during his visit to our estate 2019
(File Photo)




Joint Director of Factories Mr. Shabu Jan talk on
Industrial Safety




Minister momento to Mr. Muthukumar (Madhura foods)



Welcome to the Mayor Mr. Sreekumar (2019)

## വിട പറഞ്ഞ അംഗങ്ങൾക്ക് ബാഷ്പാഞ്ജലി



**Maryamma Varghese**
(Founder Director VCT Group)
Mother of Thomas Varghese
Filatex MD



**C.M. Aliyas**
(Power Pack
Polymers &
Vijaya Engg)



**Rajappan**
Founder of Ambika
Rubber Group



**D.M Pillai**
Chairman
Peenya Industrial Gases



**Jayaprakash**
Zen coir



**Shibudas**
IOC PETROL PUMP
Owner



# കൊച്ചുവേളി എം.എസ്.എം.ഇ അസോസിയേഷൻ

തിരുവനന്തപുരം : കൊച്ചുവേളി എം.എസ്.എം.ഇ അസോസിയേഷൻ വാർഷികവും കുടുംബ സംഗമവും ഓണാഘോഷവും മന്ത്രി ആന്റണിരാജു ഉദ്ഘാടനം ചെയ്തു. ആഘോഷത്തോടനുബന്ധിച്ച് വ്യവസായ പ്രദർശനവും,ഫാക്ടറി സുരക്ഷ,ഭക്ഷ്യ സുരക്ഷ എന്നീ വിഷയങ്ങളിൽ സെമിനാറും സംഘടിപ്പിച്ചു. അസോസിയേഷൻ പ്രസിഡന്റ് ഐ.എ പീറ്റർ, സെക്രട്ടറി ടി.എസ്. ശിവചന്ദ്രൻ, ഭക്ഷ്യ സുരക്ഷ കമ്മിഷണർ വി.ആർ. വിനോദ്,വ്യവസായ വകുപ്പ് അഡിഷണൽ ഡയറക്ടർ ജി.രാജീവ്,ട്രിവാൻഡ്രം ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ് രഘുചന്ദ്രൻ നായർ,കെ.എസ്.എസ്.ഐ.എ ജില്ലാ പ്രസിഡന്റ് പ്രദീപ്, എ.ജി ആൻഡ് പി റീജയണൽ മേധാവി അജിത് എന്നിവർ പങ്കെടുത്തു.

കൊച്ചുവേളി എം.എസ്.എം.ഇ അസോസിയേഷന്റെ 41-ാമത് വാർഷികവും കുടുംബ സംഗമവും ഓണാഘോഷവും മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്യുന്നു



KOCHUVELI MSME ASSOCIATION

## അറിയിപ്പ്

**രാഷ്ട്രീയ / മതപരമായ പരിപാടികൾക്ക് സംഭാവന നൽകുന്നതല്ല.**

കൊച്ചുവേളി വ്യവസായ മേഖലയിലെ ജീവനക്കാർക്ക് അവശത നേരിടുകയാണെങ്കിൽ സഹായിക്കാനുള്ള ജീവകാരുണ്യ സംഭാവന അല്ലാതെ മറ്റു സംഘടിത നിർബന്ധ പിരിവുകൾ അസോസിയേഷൻ പൊതുയോഗംകൂടി നിറുത്തലാക്കിയിട്ടുണ്ട്.

പ്രസിഡന്റ് / സെക്രട്ടറി/ ട്രഷറർ




കൊച്ചു വേളി പ്രദേശത്തു നിന്ന് വലിയ വരമ്പ് തോട് വഴി ഓട നിർമ്മിക്കുന്നത് സംബന്ധിച്ച്, ഡെപ്യൂട്ടി കളക്ടർ ശ്രീ ജയമോഹൻ (ദുരന്ത നിവാരണ) സ്ഥലം കാണാൻ എത്തിയപ്പോൾ. KOCHUVELI പ്രസിഡന്റ് ശ്രീ പീറ്റർ, KSSIA പ്രസിഡന്റ് ശ്രീ പ്രദീപ്, കമ്മിറ്റി മെമ്പർ ശ്രീ റഷീദ് എന്നിവരുമായി സ്ഥലത്തേക്ക്.



DIC Officers Mr Praveen Raj and Mr Tony stopping unauthorised construction on the main road close to industrial units at Veli

*Best Compliments from*




# M/S MILKY MIST DAIRY FOOD PVT LTD.

## AUTHORISED C F A THIRUVANANTHAPURAM

GHR MILK MAN'S DAIRY, PLOT NO :C 13,I D A, KOCHUVELI,
THIRUVANANTHAPURAM, MOB: 8555053339.